# കേരള സർവകലാശാല

നം. പി.ആർ.258/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2017
## ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖലാതലത്തിലുള്ള സ്പോട്ട് അലോട്ട്മെന്റ്. ആലപ്പുഴ, തിരുവനന്തപുരം മേഖലകൾക്ക് നവംബർ 28-ന്.

2017-18-ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കേരള സർവകലാശാല സെനറ്റ് ഹാളിലും ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി. കോളേജിലും നവംബർ 28-ന് ഹാജരാകേണ്ടതാണ്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ((http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

സ്പോട്ട് അലോട്ടമെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രിന്റൗട്ട് കൈവശമില്ലാതെ വരുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (ജനറൽ/എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 910/- രൂപയും ഒ.ഇ.സി.വിഭാഗങ്ങൾക്ക് 350/- രൂപയും) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല.

ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.
ജനറൽ/മറ്റ് സംവരണവിഭാഗങ്ങൾക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുൻപ് എസ്.സി./എസ്.ടി.വിഭാഗങ്ങൾക്ക് ഒരു അവസരം കൂടി നൽകുന്നതാണ്. എസ്.സി/എസ്.ടി. സംവരണസീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ തീയതികളിലും സ്ഥലങ്ങളിലും രാവിലെ 9 മണിക്ക് ഹാജരാകണം. എസ്.സി./എസ്.ടി. വിഭാഗങ്ങളിലുള്ളവരെ പരിഗണിച്ചശേഷം ആ വിഭാഗങ്ങളിൽ ഒഴിവുവരുന്ന സീറ്റുകൾ നിയമാനുസൃതമായി മറ്റ് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## എം.എസ്സി പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ബോട്ടണി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ നാല് മുതൽ അതതു കോളേജുകളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.എസ്സി പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഡിസംബർ നാല്, അഞ്ച്, ആറ് തീയതികളിൽ തിരുവനന്തപുരം എസ്.ഡി.ഇ പാളയം സെന്ററിൽ വച്ച് നടത്തുന്ന ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (സപ്ലിമെന്ററി) ഡിഗ്രി ഒന്നും രണ്ടും വർഷ പ്രാക്ടിക്കൽ പരീക്ഷകളുടെ ടൈംടേബിൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## എം.എസ്സി ബയോകെമിസ്ട്രി പ്രാക്ടിക്കൽ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ നാലിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

തിരുവനന്തപുരം.
27.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ